നിയമ സംസ്കാര കേന്ദ്രത്തിന്റെ
ജനനീതി
വാല്യം : 10 ◆ ലക്കം : 10 ◆ ഒക്ടോബർ 2003 ◆ വരിസംഖ്യ – ആയുഷ്കാലം : 500 ക. ◆ കോപ്പി : 2.00 ക.

# സെൻസറിങ്ങിലെ രാഷ്ട്രീയം

**2004 ഫെബ്രുവരിയിൽ മുംബെയിൽ വച്ച് നടക്കുന്ന ഡോക്യുമെന്ററി സിനിമകൾക്കായുള്ള മുംബയ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിഫൽ (MI 77 2004) ബഹിഷ്ക്കരിക്കാൻ ഇന്ത്യയിലെ 184 ഡോക്യുമെന്ററി സംവിധായകർ ആഹ്വാനം ചെയ്തിരിക്കുന്നു. M177 ൽ പങ്കെടുക്കുന്ന ഇന്ത്യൻ ഡോക്യുമെന്ററികൾ നിർബന്ധമായും സെൻസർ ചെയ്തിരിക്കണം എന്ന് ഫെസ്റ്റിവൽ നടത്തിപ്പുക്കാരായ ഫിലിംസ് ഡിവിഷനും വാർത്താവിനിമയ വകുപ്പും അനുശാസിക്കുന്നതിൽ പ്രതിഷേധിച്ചാണ് ഈ നടപടി. വിദേശ ഡോക്യുമെന്ററികൾക്ക് സെൻസർഷിപ്പ് ബാധകമല്ല എന്നും അവർ ചൂണ്ടിക്കാണിക്കുന്നു.**

**ഇക്കാര്യത്തിലെ ഇരട്ടത്താപ്പു ചൂണ്ടിക്കാണിച്ച് നേരത്തെ തന്നെ ഫിലിംസ് ഡിവിഷനെയും വാർത്താവിനിമയ വകുപ്പിനേയും സമീപിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഒരു യോഗം വിളിച്ചുകൂട്ടിയെങ്കിലും, പ്രശ്നത്തിന്റെ കാതലിലേയ്ക്ക് കടക്കാതെ ചില ഒഴിവുകഴിവുകൾ മാത്രമാണ് വാർത്താവിനിമയവകുപ്പ് മന്ത്രി ശ്രീ രവിശങ്കർ പ്രസാദ് നടത്തിയത്. ഇതേ മന്ത്രി തന്നെയാണ് PSBT - UNESCO ഫെസ്റ്റിവൽ ഡെൽഹിയിൽ ഉദ്ഘാടനം ചെയ്തത്. ആ ഫെസ്റ്റിവലിലാകട്ടെ സെൻസർ ചെയ്യാത്ത സിനിമകളാണ് പ്രദർശിപ്പിച്ചത്. മാത്രമല്ല ആവിഷ്ക്കാരസ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്താത്ത വിധം സ്വതന്ത്രപ്രദർശനങ്ങളാണ് അനുവദിച്ചത്.**

**നിരവധി പാർലമെന്റേറിയൻമാർ സഭയ്ക്കുള്ളിൽ ഈ പ്രശ്നം ഉന്നയിച്ചിട്ടു പോലും മന്ത്രികാര്യാലയം ഈ പ്രശ്നത്തിൽ നിഷേധാത്മാക നിലപാടാണ് സ്വീകരിക്കുന്നത്.**

**ലോകത്തെമ്പാടുമുള്ള ഡോക്യുമെന്ററി സംവിധായകരുമായി ബന്ധപ്പെട്ട് ഈ പ്രശ്നത്തിൽ ഐക്യരൂപീകരണം നടത്തുന്നുണ്ടെന്നും ഡോക്യുമെന്ററി സംവിധായകർ അറിയിച്ചു. ഇന്ത്യയിലെ തന്നെ പൊതുസമൂഹത്തിന്റെ വിവിധ വിഭാഗങ്ങളുടേയും സഹകരണം തേടുന്നുണ്ട്. സ്ത്രീ സ്വാതന്ത്ര്യത്തിനായി പ്രവർത്തിക്കുന്ന രാജ്യത്തെമ്പാടുമുള്ള വിവിധ സംഘങ്ങൾ ഇപ്പോൾതന്നെ ഐക്യദാർഢ്യം പ്രഖ്യാപിച്ചിട്ടുണ്ട്.** ■

# പോട്ട – കുറ്റകൃത്യനിയമത്തിന്റെ കുറ്റകൃത്യവത്കരണം

(പോട്ട പുനഃപരിശോധന കമ്മിറ്റി ആവശ്യപ്പെട്ടതനുസരിച്ച്, ജനനീതി അയച്ച റിപ്പോർട്ടിന്റെ സംഗ്രഹം)

ഭീകരവാദം എന്ന പദത്തിനെ പ്രവൃത്തി കൊണ്ടുമാത്രം അളക്കുന്നത് മാരകമാണ്. അതിന് അധികാരവുമായി നിഗൂഢമായി നെയ്തെടുത്ത സാമൂഹ്യ-സാംസ്കാരികവും രാഷ്ട്രീയവുമായ ബന്ധങ്ങളുണ്ട്. ജനാധിപത്യത്തിലെ അസമത്വപരമായ അധികാര വിന്യാസം, സാമൂഹികവും സാമ്പത്തികവുമായ അനീതികൾ, അധികാരികളുടെ അടിച്ചമർത്തലുകൾ, മതമൗലികവാദം, ഹിംസ, അഴിമതികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് അതിന് മാരകസ്വഭാവം കൈവരുന്നു. ഭീകരവാദം ഒരു *Crime simplicites* അല്ല. പ്രാഥമികമായും അതൊരു പൊതുവ്യവസ്ഥയുടെ പ്രശ്നമാണ്. പോട്ട കുറ്റകൃത്യസംബന്ധമായ നിയമവ്യവസ്ഥയുടെ തെറ്റായ കാഴ്ചപ്പാടിൽനിന്ന് ഉരുത്തിരിഞ്ഞതും പൊതുനന്മയുടെ മറവിൽ ഹോളോകോസ്റ്റിന്റെ പുതുപുതുരൂപങ്ങൾ നിർമ്മിക്കാൻ ഭരണാധികാരികളെ സജ്ജരാക്കുന്നതുമായ ഒന്നാണ്.

മനുഷ്യാവകാശ നിർദ്ദേശങ്ങളെ അളക്കേണ്ടത് അവയുടെ കാര്യസാധ്യതയും സുതാര്യതയും ന്യായതയും വച്ചാണ്. ഇവിടെ ബ്രയാൻ ജെൻകിൻസിന്റെ നിർവ്വചനം പ്രസക്തമാണ്. അതുപ്രകാരം "ഭീകരവാദം എന്നത് രാഷ്ട്രീയമാററം കൊണ്ടുവരാൻ വേണ്ടി വിശ്വസിക്കപ്പെട്ട ബലത്തിന്റെ ഉപയോഗമോ ഭീഷണമായ ഉപയോഗമോ" ആണ്. ഇതാണ് വഴിപിരിയുന്ന ഇടം. എല്ലാ കുറ്റകൃത്യങ്ങളും ഭീകരവാദങ്ങളല്ല. മാത്രമല്ല, ഒരു ഭീകരവാദകൃത്യത്തിന് ഒരു രാഷ്ട്രീയ ലക്ഷ്യമുണ്ടായിരിക്കും. പോട്ട ഈ വ്യവച്ഛേദനത്തിൽ ഊന്നുന്നില്ല. ഫലത്തിൽ മുഴുവൻ രാഷ്ട്രീയ എതിരാളികളുടെമേലും പ്രയോഗിച്ച്, ഒരാൾക്ക് അധികാരത്തിൽ ഒട്ടിയിരിക്കാൻ വേണ്ടി അത് ഉപയോഗിക്കാനാകും. രാജ്യം സമഗ്രമായ ഒരു അസ്വാസ്ഥ്യത്തെ അഭിമുഖീകരിക്കുകയും ദുരന്തത്തെ കാത്തിരിക്കുകയും ചെയ്താൽപ്പോലും.

## പോട്ടയുടെ യുക്തിമണ്ഡലം

പോട്ട, ടാഡയുടെ പിൻഗാമി, അതിന്റെ നിലനിൽപ്പിന് താഴെപ്പറയുന്ന യുക്തികൾ നിരത്തുന്നു.

- ഭീകരവാദപ്രവർത്തനങ്ങളിൽ ഈയ്യിടെയുണ്ടായിട്ടുള്ള വലിയ ഉണർവ്വ്.
- അതിർത്തി കടന്നുള്ള തീവ്രവാദത്തിന്റെ വ്യാപ്തി.
- ചില സംഘങ്ങൾ നടത്തുന്ന ഹിംസാ പ്രവർത്തനങ്ങൾ.
- സാങ്കേതികയുടെ ആധുനിക മാനങ്ങളുപയോഗിച്ച് ആഞ്ഞടിക്കാനും ഭീതി പരത്താനുമുള്ള ഭീകരവാദികളുടെ കഴിവ്.
- ഇത്തരം അവസ്ഥയോട് പൊരുതി നിൽക്കാനുള്ള നിലവിലുള്ള നിയമങ്ങളുടെ അപര്യാപതത.
- ഭീകരവാദപ്രവർത്തനങ്ങളെയും അതിനെത്തുടർന്നുണ്ടാകുന്ന മറ്റുകാര്യങ്ങളെയും കൈകാര്യം ചെയ്യുവാനുള്ള ഒഴിവാക്കാനാകാത്ത ആവശ്യകത.

അതിനുപുറമെ നിയമകാര്യ കമ്മീഷൻ (Law Commission) അതിന്റെ റിപ്പോർട്ടിൽ "ഭീകരവാദത്തിനെതിരെ പൊരുതുന്ന ഒരു ഭരണവ്യവസ്ഥ"യെ വാഗ്ദാനം ചെയ്യുന്നുണ്ട്. "അത് ഒരുപക്ഷേ, ഭീകരവാദത്തിനെതിരെ കുറെക്കൂടി ഫലപ്രദമായി പൊരുതാൻ ഭരണകൂടത്തെ സജ്ജമാക്കിയേക്കാം" എന്നും പറയുന്നു.

ടാഡ, ഭീകരവാദത്തെ ചെറുക്കാനുള്ള അതിന്റെ ഉദ്യമത്തിൽ പരാജയപ്പെടുകയും എന്നാൽ അത് പിൻവലിച്ചതിനുശേഷവും അതുപ്രകാരം ജയിലിൽ കഴിയുന്ന അനേകം പേരെ സൃഷ്ടിക്കുകയും ചെയ്തു. പോട്ട, അതിന്റെ പിൻഗാമി, ഇന്നത്തെ രൂപത്തിൽ തുടരുന്നതിൽ യാതൊരർത്ഥവുമില്ല.

## വ്യക്തി സ്വാതന്ത്ര്യവും സാമൂഹ്യോന്മുഖതയും

പോട്ടയെ ഭരണഘടനാപ്രകാരം പരിശോധിച്ച ജൂഡീഷ്യറി, അത് വ്യക്തി സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്നുവെന്ന് പറയുന്നുണ്ട്. പോട്ട വ്യക്തിസ്വാതന്ത്ര്യത്തിന്മേൽ കൊണ്ടു

വന്ന നിയന്ത്രണങ്ങൾ, മനുഷ്യാവകാശങ്ങളെ നിഷേധാത്മകമായാണ് ബാധിക്കുന്നത്. മാത്രമല്ല ഈ മനുഷ്യാവകാശ ലംഘനങ്ങൾ സാമൂഹ്യോന്മുഖതയിൽ നീതിവത്ക്കരിക്കപ്പെടുകയും ചെയ്യുന്നു. ഭീകരവാദികൾ നിഷ്കളങ്കരായ ജനങ്ങളിൽ ഉത്കണ്ഠകളുളവാക്കുന്നതിനാലും രാജ്യത്തിന്റെ പരമാധികാരത്തിനും ഐക്യത്തിനും ഭീഷണി ഉളവാക്കുന്നതിനാലും അവരെ മറ്റൊരുതരത്തിലാണ് പരിഗണിക്കേണ്ടത്. മറ്റു സാധാരണ കുറ്റവാളികളുമായി അവർക്ക് യാതൊരു സമത്വാവകാശവും അനുവദിക്കേണ്ടതില്ല. ഈ വാദം ഒറ്റനോട്ടത്തിൽ ഭദ്രമാണെന്ന് തോന്നുന്നുവെങ്കിലും ഈ നിയമം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ/അധികാര തലപ്പുകളുടെ ശരിയായ പ്രവൃത്തിയാണ് അത് മുൻകൂർ പ്രതീക്ഷിക്കുന്നത്. സവിശേഷമായ പ്രവർത്തനങ്ങൾ മുൻധാരണകളെ ആശ്രയിച്ചാണെങ്കിൽ, ആ മുൻധാരണകൾ പരാജയപ്പെടുന്നതോടെ, ആ പ്രവൃത്തി നിയമപരമായി ദുഷിക്കുകയും തുടരാൻ അനുവദിക്കുകയാണെങ്കിൽ അത് നിയമ വ്യതിചലനത്തിന് വഴി വയ്ക്കുകയും ചെയ്യും. ടാഡയുടെ അനുഭവവും പോട്ടയുമായുള്ള ഒരു വർഷത്തെ 'പരിചയവും' സൂചിപ്പിക്കുന്നത് രാഷ്ട്രീയ മേൽക്കോയ്മക്കു വേണ്ടിയുള്ള അവയുടെ ദുരുപയോഗമാണ്. പോട്ട സ്ഥാപിച്ചെടുത്ത നടപടിക്രമങ്ങൾ മനുഷ്യാവകാശങ്ങളുടെ അന്താരാഷ്ട്ര പ്രഖ്യാപനവുമായോ ഇന്ത്യൻ ഭരണഘടനയുമായോ പീഡനത്തിനും മറ്റ് മനുഷ്യേതരശിക്ഷകൾക്കുമെതിരെയുള്ള കൺവെൻഷനുമായോ ചേർന്നു പോകുന്നില്ല.

## പോട്ടയും മനുഷ്യാവകാശവും

നിയമപ്രകാരം അധികാരികളിൽ കേന്ദ്രീകരിച്ചിട്ടുള്ള വിശാലാധികാരങ്ങൾ, പ്രത്യേകിച്ചും, മരണശിക്ഷ, ജാമ്യം, നിയമപ്രകാരമല്ലാതെയുമുള്ള ആയുധശേഖരണം, സ്വത്തുശേഖരണവും കണ്ടുകെട്ടലും, വിവരങ്ങൾ ധരിപ്പിക്കാനുള്ള ഉത്തരവാദിത്വം, സ്വകാര്യതയിലേയ്ക്കുള്ള കടന്നുകയറ്റം, ഒരു സംഘടനയെ ഭീകരവാദപ്രസ്ഥാനമായി പ്രഖ്യാപിക്കുന്നതിലുള്ള ആത്മനിഷ്ഠത, ഭീകരവാദത്തെ പിന്തുണയ്ക്കുന്നതിനെപ്പറ്റിയുള്ള ഒഴുക്കൻ പ്രസ്താവം, പോലീസ് ഓഫീസർമാർക്കു മുന്നിൽ നടത്തുന്ന കുറ്റസമ്മതത്തിന്റെ നിജസ്ഥിതി; തുടങ്ങിയ വിഷയങ്ങളിലുള്ള നിയമാധികാരം അടിസ്ഥാനപരമായ മനുഷ്യാവകാശ ലംഘനങ്ങളിലേയ്ക്ക് നയിക്കുന്നതിനുള്ള ലൈസൻസാകുമോ എന്ന് ഭയക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞവയുടെ ഒരു ഒഴുക്കൻ വായന സുന്ദരവും സുരക്ഷിതവുമായ ഒരു ചിത്രത്തെയാണ് പ്രദാനം ചെയ്യുന്നതെങ്കിലും ആത്മനിഷ്ഠതയുടേയും തരംതിരിവിന്റേയും നീണ്ട ചരടുകൾ, മനുഷ്യാവകാശ ഉത്കണ്ഠകളെ അപകടപ്പെടുത്തുവാൻ ഉദ്യോഗസ്ഥർക്കും അധികാരികൾക്കും അവസരം നൽകുന്നുണ്ട്. നിയമത്തിന്റെ പുറംചട്ട യു.എസ്.എ.യിലും യു.കെ. യിലും ഉള്ള സമാന നിയമങ്ങളുടെ ഛായ വഹിക്കുന്നു. പക്ഷേ, ഇന്ത്യയിലെയും ആ രാഷ്ട്രങ്ങളിലേയും പോലീസ് വ്യവസ്ഥയുടെ സ്വഭാവത്തിലും നടത്തിപ്പിലുമുള്ള അടിസ്ഥാന വ്യത്യാസം പരിഗണിക്കുന്നതിൽ അവർ പരാജയപ്പെടുന്നു. ടാഡയുടെയും പോട്ടയുടെയും കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ പലതും ശക്തമായ മത-ജാതി താത്പര്യങ്ങളാലും രാഷ്ട്രീയ ദുർമോഹങ്ങളാലും മെനഞ്ഞെടുക്കപ്പെട്ടവയാണ്. ഇത്, ഈ നിയമങ്ങൾ എന്തിനുവേണ്ടിയാണെന്നതിന്റെ സൂചന തരുന്നു.

മരണശിക്ഷയെ, മനുഷ്യാവകാശങ്ങളുടെ സാർവ്വദേശീയ പ്രഖ്യാപനവും വധശിക്ഷനിരോധിക്കുന്നതിനായുള്ള പ്രോട്ടോക്കോളും (1989) അപലപിച്ചിട്ടുള്ളതാണ്.

ജാമ്യത്തിനായുള്ള നിയമനടപടിയെന്നത് ഒരു തമാശയാണ്. പ്രത്യേകിച്ചും വ്യക്തിസ്വാതന്ത്ര്യം എന്ന സങ്കല്പത്തെ പരിഗണിക്കുകയാണെങ്കിൽ. അധികാരത്തിലിരിക്കുന്നവരുടെ താത്പര്യങ്ങൾക്കനുസരിച്ച് ആരോടും പകവീട്ടാനുള്ള അവസരം അത് തരുന്നു.

ആയുധം കൈവശം വെയ്ക്കുന്നതിനെ സംബന്ധിച്ചുള്ള ഭാഗം, ഇച്ഛാപൂർവ്വമുള്ള ആയുധശേഖരണത്തെപ്പറ്റി പറയുന്നില്ല. അതിനാൽ ആയുധശേഖരണവും ഭീകര പ്രവർത്തനവുമായുള്ള ബന്ധം തെളിയിക്കപ്പെടേണ്ടതില്ല.ഇത് യഥാർത്ഥത്തിൽ നിയമത്തിന്റെ തന്നെ വഴി തെറ്റിക്കലാണ്.

സ്വത്തിന്റെ ശേഖരണവും കണ്ടുകെട്ടലുമായി ബന്ധപ്പെട്ട് ഒരു നീണ്ട നടപടി നിയമം ഒരുക്കിയിട്ടുണ്ടെങ്കിലും അതിന്റെ ചരട് ഭരണ നിർവ്വഹണ വിഭാഗത്തിനും അന്വേഷണോദ്യോഗസ്ഥന്റെ ആത്മനിഷ്ഠതയിലുമാണ്. പലപ്പോഴും 'അധികാര കേന്ദ്ര'മാണ് ഒരു സംഘടനയെ ഭീകരവാദ പ്രസ്ഥാനമായി പ്രഖ്യാപിക്കുകയും അതിന്റെ സ്വത്ത് കണ്ടുകെട്ടുകയും ചെയ്യുക. ഒരു സംഘടന ഭീകരപ്രസ്ഥാനമാണോ അല്ലയോ എന്ന് പ്രഖ്യാപിക്കുവാനും രേഖപ്പെടുത്തുവാനുമുള്ള ഒരേ ഒരു ഏജൻസി കേന്ദ്രഭരണകൂടം മാത്രമാണ്.

ഈ നിയമത്തിന്റെ പുനഃപരിശോധന നടത്തുന്നതും കേന്ദ്ര ഭരണകൂടം നിർദ്ദേശിച്ച ഒരു പുനഃപരിശോധന കമ്മിറ്റിയാണ്. ഗവൺമെന്റ് അതിന്റെതന്നെ നടത്തിപ്പുകളെ പരിശോധിക്കുക എന്നത് സ്വാഭാവിക നീതിക്ക് വിരുദ്ധമായ ഒന്നാണ്. എല്ലാറ്റിനുമുപരി നിയമം ഒരു പ്രസ്ഥാനത്തെ ഭീകരപ്രസ്ഥാനമായി പ്രഖ്യാപിക്കുന്നതിന് വസ്തുനിഷ്ഠമായ അളവുകോലുകൾ പ്രദാനം ചെയ്തിട്ടില്ല. മറിച്ച് ഓരോരോ അവസ്ഥകൾക്കനുസരിച്ച് വലിച്ച് നീട്ടാവുന്ന ചില ഒഴുക്കൻ നിബന്ധനകളേ നൽകിയിട്ടുള്ളൂ.

ഓഫീസുകളിലും, സ്ഥാപനങ്ങളിലും അധികാരികളിലും, വ്യക്തികളിലും വിവരം നൽകുന്നതിനായി അടിച്ചേല്പിച്ചിട്ടുള്ള ഉത്തരവാദിത്വം അസംബന്ധത്തിലേയ്ക്ക് തുറക്കുന്ന ഒരു വാതിലാണ്. തന്റെ കസ്റ്റഡിയിലിരിക്കുന്ന ഒരു ഇരയുടെ വിധി നിശ്ചയിക്കുന്നതിൽ പോലീസ് ഓഫീസർ നിർണ്ണായകമായ ഒരു ഭാഗധേയം വഹിക്കുന്നു. സി.എസ്.പി.യുടെ അംഗീകാരം പേരിന് പറഞ്ഞിട്ടുണ്ടെങ്കിലും, ഇന്ത്യൻ അവസ്ഥയിൽ അതത്രയൊന്നും ഫലപ്രദമാകില്ല.

സ്വകാര്യതയുടെ അവകാശം എന്നത് വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ള ഒരു മൗലികാവകാശമാണ്. പോട്ട ഇതിലേയ്ക്കു പ്രവേശിക്കുന്നത് ആ മൗലികാവകാശത്തിന്റെ അടിത്തറയെത്തന്നെ തകർത്തുകൊണ്ടാണ്. അന്വേഷണ ഏജൻസി സുരക്ഷാ നടപടികളിൽ നിന്നും എത്രയോ മാരകമായ വ്യതിചലനങ്ങളാണ് നടത്തുന്നതെന്ന് ഗിലാനി കേസ് തെളിയിക്കുന്നു.

മാധ്യമങ്ങൾക്കെതിരെയുള്ള 'പോട്ട'യുടെ ഉപയോഗം ഇന്ത്യൻ ജനാധിപത്യത്തിന്റെ നേരെയുള്ള ഭീകരമായ വെല്ലുവിളിയാണ്.

പോലീസിനുമുന്നിലുള്ള കുറ്റസമ്മതത്തെപ്പറ്റിയാണെങ്കിൽ അത് ഇന്ത്യൻ ക്രിമിനൽ നീതിന്യായ വ്യവസ്ഥയുടെ തായ്‌വേര് ഖണ്ഡിക്കുന്നതാണ്. പോട്ടപ്രകാരം തീരുമാനിക്കപ്പെട്ട കേസുകളിൽ ഭൂരിഭാഗത്തിലും വിധി ആസ്പദമാക്കിയത് കുറ്റസമ്മതത്തെയാണ്. പോലീസ് ഡിപ്പാർട്ടുമെന്റിലെ ഉയർന്ന ഉദ്യോഗസ്ഥർ മുഴുവനും അഴിമതി രഹിതരും നീതിതത്പരരുമാണെന്ന വിശ്വാസത്തിലാണ് ഈ നിയമം വിശ്വസിക്കുന്നത്.

## പോട്ട നീക്കം ചെയ്യണം

ഒരു നിയമം അതിൽതന്നെയോ ഫാസിസ്റ്റും താന്തോന്നിയും മനുഷ്യത്വരഹിതനുമായ ഒരു ഭരണാധികാരിയിലോ മാരകമായേക്കും. പോട്ട രണ്ടിനും ഉദാഹരണമാണ്. രാഷ്ട്രീയ ലാഭത്തിന് വേണ്ടിയും വിമർശകരേയും എതിരാളികളേയും ഇല്ലാതാക്കുന്നതിന് വേണ്ടിയും അത് ഉപയോഗിക്കപ്പെടുന്നു. പൗരന്റെ മനുഷ്യാവകാശത്തെ ഈ നിയമം മാനിക്കുന്നില്ല. പോട്ട നിയമത്തെ തകിടം മറിക്കുന്നു. അതിന് നിലനിൽക്കാൻ ഒരവകാശവുമില്ല. ■

# പണിമുടക്കിനെതിരെയുള്ള കോടതിവിധിയെപ്പറ്റി

**ടി. വി. അച്ചുതവാരിയർ**

ശ്രീമത്,

**ഇ**ന്ത്യയുടെ അറ്റോർണി ജനറൽ മുതൽ സാധാരണ തൊഴിലാളിവരെയുള്ള എല്ലാവരും സുപ്രീംകോടതിയുടെ ആഗസ്റ്റ് ആറിലെ വിധിയെ അപലപിച്ചിട്ടുണ്ട്. ഈ വിധിയെ ആരെങ്കിലുമൊരാൾ ഇതുവരെ ന്യായീകരിച്ചതായി കണ്ടിട്ടുമില്ല. പക്ഷെ ചില സംശയങ്ങൾ ബാക്കി നിൽക്കുന്നു. ഭീകരമെന്ന് എല്ലാവരും പറയുന്ന ഈ വിധി എന്താണ്? സർക്കാർ ജീവനക്കാർക്ക് പണിമുടക്കാൻ അവകാശമില്ലെന്നാണ് വിധിയിൽ പറയുന്നത്.

പണിമുടക്ക് തൊഴിലാളികളുടെ അവസാനത്തെ ആയുധമാണെന്ന് നമുക്കെല്ലാം അറിയാം. ഇത് സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതുമാണ്. എന്നാൽ സുപ്രീം കോടതിയിൽ പരിഗണനക്കുവന്നത് അതല്ല; സർക്കാർ ജീവനക്കാരുടെ പണിമുടക്കാണ് കേസിന്നാസ്പദം. സർക്കാർ ജീവനക്കാർ തൊഴിലാളികളല്ല.

വില്പനക്കായി ഒരു സാധനം ഉല്പാദിപ്പിക്കുന്നവനാണ് തൊഴിലാളി. വില്പന നേരിട്ടാവാം; മൂന്നാമൻ മുഖേനയാകാം. വില്പനക്ക് ഒരു മധ്യവർത്തിയുണ്ടാകുമ്പോഴാണ് തൊഴിലാളി, തൊഴിലുടമ, ഉപഭോക്താവ് എന്നീ വിഭജനം വരുന്നത്. പണിയെടുക്കാതെ പണമുണ്ടാക്കുന്ന തൊഴിലുടമയുടെ സമ്പാദ്യത്തിൽനിന്ന് ഒരോഹരി കിട്ടാൻ തൊഴിലാളിക്ക് പണിമുടക്കാം. പങ്കിടാവുന്ന സമ്പാദ്യം തൊഴിലുടമക്കില്ലെങ്കിൽ, അയാൾ ആ ബിസിനസ്സ് നിർത്തും. അതിന്റെ ഭവിഷ്യത്ത് അനുഭവിക്കേണ്ടിവരിക തൊഴിലാളിയാണ്. ആ ഭവിഷ്യത്തിനെക്കുറിച്ചുള്ള ബോധമാണ് തൊഴിലാളിയെ ന്യായത്തിന്റേയും നീതിയുടെയും പരിധിക്കകത്തു നിൽക്കാൻ നിർബന്ധിതനാക്കുന്നത്. പണിമുടക്കാനുള്ള തൊഴിലാളിയുടെ അവകാശം എടുത്തുകളയാൻ ഒരു സുപ്രീം കോടതിക്കും കഴിയുകയുമില്ല.

എന്നാൽ സർക്കാർ ജീവനക്കാരൻ തൊഴിലാളിയല്ല. അയാൾ ഒന്നും ഉല്പാദിപ്പിക്കുന്നില്ല. ഒന്നും വിൽക്കുന്നുമില്ല. "മധ്യവർത്തി"യായ സർക്കാർ ഒന്നും സമ്പാദിക്കുന്നുമില്ല. സ്വാശ്രയ സ്കൂളുകളും കോളേജുകളും ചെയ്യുന്നതുപോലെ സർക്കാർ വിദ്യാഭ്യാസം വില്പനച്ചരക്കാക്കുന്നില്ല. സ്വകാര്യ ആസ്പത്രികൾ ചെയ്യുന്നതുപോലെ ആരോഗ്യസംരക്ഷണം സർക്കാർ ആസ്പത്രിയിൽ വില്പനച്ചരക്കല്ല. മരാമത്തു വകുപ്പും കൃഷിവകുപ്പും വനംവകുപ്പും ബിസിനസ്സ് നടത്തുന്നവയല്ല. ജനങ്ങളെ സേവിക്കാനുള്ളതാണ് സർക്കാർ. ജനങ്ങളിൽനിന്ന് പിരിച്ചെടുക്കുന്ന നികുതി ജനസേവനത്തിന് വിനിയോഗിക്കാനുള്ളതാണ്. സർക്കാർ ജീവനക്കാർ WORKERS അല്ല, Government SERVANTS ആണ്. അവരുടെ ന്യായമായ ആവശ്യങ്ങൾ പരിഗണിക്കാൻ പേ കമ്മീഷൻ, ട്രിബ്യൂണൽ തുടങ്ങിയ സംവിധാനങ്ങളുമുണ്ട്. അതിനാൽ പണിമുടക്ക് പ്രസക്തമേയല്ല.

പണിമുടക്ക് ഒരു Two way traffic ആണ്. ഒരു ഫാക്ടറിയിൽ പണിമുടക്കുമ്പോൾ, തൊഴിലാളിക്കും തൊഴിലുടമക്കും പണിമുടക്കാം. കേരളത്തിലെ എത്രയോ ഫാക്ടറികൾ തൊഴിലാളികളുടെ ആവശ്യങ്ങൾ അനുവദിക്കാനാകാതെ പൂട്ടിപ്പോയിട്ടുണ്ട്. അതു തൊഴിലുടമയുടെ അവകാശമാണ്. സർക്കാരിന്നങ്ങനെ ആപ്പീസുകൾ പൂട്ടി വീട്ടിൽ പോയി ഇരിക്കാനാവില്ല. (ഈയിടെ മുഖ്യമന്ത്രി എ.കെ. ആന്റണി അതു ചെയ്തുവെന്നത് വേറൊരു കാര്യം)

സുപ്രീം കോടതിവിധിയെ എല്ലാ രാഷ്ട്രീയ കക്ഷികളും വിമർശിച്ചിട്ടുണ്ടെന്നത് ശരി. ഇത് ഹിപ്പോക്രെസിയല്ലെങ്കിൽ, അവർ ഏകകണ്ഠമായി അവശ്യസേവന നിയമം റദ്ദാക്കട്ടെ.

പാശ്ചാത്യ രാജ്യങ്ങളിൽ ഒരു ഗതിയുള്ളവരാരും സർക്കാർ സർവ്വീസിൽ പ്രവേശിക്കാറില്ല. ഇപ്പോൾ ഇന്ത്യയിലും മിടുക്കന്മാരാരും സർക്കാർ ജോലിക്ക് കാത്തുനിൽക്കാറില്ല. സർക്കാർ ജോലിയിൽ പ്രവേശിച്ചവർ പോലും ആദ്യം കിട്ടുന്ന അവസരത്തിൽ സ്വകാര്യകമ്പനികളിലേക്ക് ചേക്കേറും അഴിമതി കാണിക്കാൻ മടിയില്ലാത്തവർക്ക് മാത്രമേ ഇപ്പോൾ സർക്കാർ സർവ്വീസ് ആകർഷകമായിട്ടുള്ളൂ.

*( ഈ വിഷയത്തോടുള്ള വായനക്കാരുടെ പ്രതികരണം പ്രതീക്ഷിക്കുന്നു. പ.സമിതി)* ■

# സർവ്വ ശിക്ഷാ അഭിനയ്

**എ. ബി. പ്രസാദ്**

"**ഇ**ക്കുറി ഓണപരീക്ഷ നല്ല എളുപ്പമാണല്ലേ?"

"ചിരി " (ആർക്ക്?)

"ഇത്ര എളുപ്പമുള്ള ചോദ്യത്തിന് മൂന്ന് മാർക്കോ?"

"ഏതു ചോദ്യം"?

"31-ാമത്തെ. ഒരു കി.മി. റോഡ് പണിയുന്നതിന് 2 ¼ ദിവസം എടുക്കുമെങ്കിൽ 3 1¼ ദിവസം കൊണ്ട് എത്ര നീളത്തിൽ റോഡു പണിയും"

വീണ്ടും ചിരി. ഞങ്ങൾക്ക് ആർക്കും അതുകിട്ടിയില്ല. ടീച്ചറോട് ചോദിച്ചപ്പോൾ ടീച്ചറും പറഞ്ഞു ചോദ്യം വ്യക്തമല്ലെന്ന്. അതോണ്ട് എഴുതിയില്ലെങ്കിലും മാർക്ക് കിട്ടും"

എന്നാൽ ഇതൊന്നു പഠിപ്പിച്ചിട്ടു തന്നെ. പറയൂ. "ഒരു മാങ്ങയ്ക്ക് 2 രൂപയാണെങ്കിൽ 2 മാങ്ങയുടെ വിലയെത്ര"

"നാല്"

"അപ്പോൾ അഞ്ച് മാങ്ങയുടേയോ"

"ഓരണ്ട്, ഈരണ്ട് ........പത്ത്"

"ശരി. അപ്പോൾ പത്തുരൂപകൊടുത്താൽ എത്ര മാങ്ങ കിട്ടും?"

മൗനം *(അതെങ്ങിനെ ഞങ്ങൾക്കറിയും)*

*(നിരാശ, ദേഷ്യം)* "രണ്ടുരൂപയ്ക്ക് എത്ര മാങ്ങ കിട്ടും"

"ഹും" *(ഞങ്ങളെ പരിഹസിക്കുകയോ)*

പണ്ടൊരാൾ തന്റെ സുഹൃത്തിനോട് പന്തയം വെച്ചു. ഈ കുട്ടയിലുള്ളത് എന്തെന്നുപറഞ്ഞാൽ ഇതിലെ പത്തുമുട്ടയും നിനക്കു തരാം.

സുഹൃത്ത് "അതെങ്ങിനെ എനിക്കറിയും"

ഞാൻ പന്തയം തോറ്റിരിക്കുന്നു. ■

# ആവിഷ്കരണത്തിന്റെ മനുഷ്യാവകാശം

ഭരണകൂടതാത്പര്യങ്ങളും ആവിഷ്കാര സ്വാതന്ത്ര്യവും തമ്മിലിടയുന്നതിന്റെ ഏറ്റവും പുതിയ ദൃഷ്ടാന്തമാണ് ഡോക്യുമെന്ററി സിനിമകൾ സെൻസർ ചെയ്യാനുള്ള തീരുമാനം. അത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി മണിലാൽ സംവിധാനം ചെയ്ത 'കരിമുകൾ', ശരത് ചന്ദ്രൻ ചെയ്ത 'പ്ലാച്ചിമട' തുടങ്ങിയ ഡോക്യുമെന്ററി സിനിമകൾക്കുമേൽ സെൻസർ ബോർഡ് നിരവധി കട്ടുകൾ നിർദ്ദേശിച്ചിരിക്കുകയാണ്.

ഡോക്യുമെന്ററി സിനിമകളുടെ കാതൽ അവയിലെ ജനകീയാഭിപ്രായങ്ങളാണ്. അതിനാൽ ഡോക്യുമെന്ററി സിനിമകൾ വെട്ടിമാറ്റുക എന്നതിനർത്ഥം ജനകീയാഭിപ്രായങ്ങൾ വെട്ടിമാറ്റുക എന്നതാണ്. മിക്കവാറും സിനിമകൾ സവിശേഷമായ മാധ്യമപ്രവർത്തനങ്ങളാണ്. സാമ്പ്രദായിക മാധ്യമങ്ങൾ മൂടിവയ്ക്കുകയോ തമസ്ക്കരിക്കുകയോ പ്രാധാന്യം കുറയ്ക്കുകയോ ചെയ്ത പ്രശ്നങ്ങളെ ജനങ്ങളുടെ മുന്നിലെത്തിക്കുകയാണ് അവ ചെയ്യുന്നത്. അത്തരം ഡോക്യുമെന്ററികളാണ്, അധികമായും സെൻസർ ചെയ്യപ്പെടുന്നത് എന്നതും ശ്രദ്ധേയമാണ്. ആനന്ദ് പട്‌വർദ്ധന്റെ 'വാർ ആൻസ് പീസിൽ' സെൻസർ നിർദ്ദേശിച്ച കത്തിവയ്പുകൾ ഓർക്കുമല്ലോ.

'കരിമുകൾ' 'പ്ലാച്ചിമട' എന്നീ ഡോക്യുമെന്ററികളും ജനകീയ പ്രശ്നങ്ങളെയാണ് കൈകാര്യം ചെയ്യുന്നത്. മാത്രമല്ല ആ ജനകീയ പ്രശ്നങ്ങൾ വർത്തമാന പ്രശ്നങ്ങൾ കൂടിയാണ്. ഭരണകൂടം ഒരു തരത്തിൽ പ്രതിസ്ഥാനത്തുനില്ക്കുന്ന ജനകീയ പ്രശ്നങ്ങൾ. 'കരിമുകളി'ൽ എൺപതുകൾ മുതൽ കരിമുകൾ പ്രദേശത്ത് യാതൊരു മാനദണ്ഡവും ദീക്ഷിക്കാതെ മലിനീകരണം നടത്തിക്കൊണ്ടിരിക്കുന്ന ഫിലിപ്പ് കാർബൺ കമ്പനിയുടെ പ്രവർത്തനങ്ങളാണ് പരാമർശിക്കുന്നത്. ഫാക്ടറിയുടെ പ്രവർത്തനത്തിനെതിരെ നിരവധി കോടതിവിധികളുണ്ടായിട്ടും അതൊന്നും മാനിക്കാതെ നിർബാധം പ്രവർത്തനം തുടരുകയായിരുന്നു, ഫാക്ടറി ചെയ്തത്. അവസാനം പൊറുതി മുട്ടിയ ജനങ്ങൾ ഫാക്ടറിയിലേയ്ക്കിരമ്പിക്കയറുകയും, അതിനെത്തുടർന്ന് ഏതാനും യൂണിറ്റുകൾ അടച്ചിടാൻ ഫാക്ടറി നിർബന്ധിതമാവുകയും ചെയ്തു.

അങ്ങനെ ജീവിക്കാനും, സാമൂഹ്യസുരക്ഷിതത്വം നേടാനുമുള്ള മനുഷ്യാവകാശത്തെ സെൻസർ ചെയ്യുകയാണ് ഭരണകൂടം കരിമുകളിൽ ചെയ്തത്. അവരുടെ അനുഭവത്തെ പ്രകടിപ്പിക്കാനും പ്രചരിപ്പിക്കാനുമുള്ള ജനാധിപത്യത്തെ നിഷേധിക്കുകയാണ് 'കരിമുകൾ' ഡോക്യുമെന്ററി മുറിച്ചുമാറ്റുക വഴി സെൻസർ ബോർഡ് ചെയ്യുന്നത്. ആയതിനാൽ ഇത്തരം ഡോക്യുമെന്ററികൾ വെട്ടിവികൃതപ്പെടുത്തുന്നത് ആവിഷ്കാരസ്വാതന്ത്ര്യ പ്രശ്നം മാത്രമല്ല, മനുഷ്യാവകാശ ലംഘനം കൂടിയാണ്.

ഡോക്യുമെന്ററികളിൽ പ്രവർത്തിക്കുന്നവരെ സാമ്പത്തികമായി നിലനിർത്തുന്നത് മേളകളിലെ പങ്കാളിത്തമാണ്. സെൻസർ ബോർഡിന്റെ സർട്ടിഫിക്കറ്റ് ലഭിക്കാത്തവയ്ക്ക് ഗവണ്മെന്റ് ആഭിമുഖ്യത്തിലുള്ള മേളകളിൽ പ്രദർശനം നിഷേധിക്കപ്പെടുകയാണ്. അതുവഴി, ഡോക്യുമെന്ററികളെ ഗവൺമെന്റ് ഭാഷ്യങ്ങളായി തരം താഴ്ത്തുകയും, ഭരണകൂടവിരുദ്ധമായ ഡോക്യുമെന്ററികൾ എടുക്കാതിരിക്കാനുള്ള ഒരു മുൻകൂർ ഭീഷണി പുറപ്പെടുവിക്കുകയുമാണ് സെൻസർ ബോർഡ് ചെയ്യുന്നത്. മാത്രമല്ല, സാമ്പത്തിക സ്രോതസ്സുകളെ നിഷേധിക്കുകയുമാണത്. നിയമസഭാ സബ്ജക്റ്റ് കമ്മറ്റി പ്ലാച്ചിമട സന്ദർശിക്കാൻ അനുമതി നിഷേധിച്ച ഭരണകൂടം 'പ്ലാച്ചിമട' യെക്കുറിച്ചുള്ള ഡോക്യുമെന്ററി സെൻസർ ചെയ്യുന്നതിൽ അത്ഭുതപ്പെടാനില്ല.

വെള്ളത്തിലും വായുവിലും സാമ്പത്തികതയിലും അഭിപ്രായത്തിലും അധിനിവേശം സാധിച്ചവർക്കെതിരെയുള്ള ജനകീയ ചെറുത്തുനില്പുകളുടെ രേഖപ്പെടുത്തലാണ് മേൽ ഡോക്യുമെന്ററികൾ. കഴിയുന്നത്ര സമാന്തര പ്രദർശനങ്ങൾ നടത്തി, സെൻസർ ബോർഡിനെയും അതിനുപിന്നിലുള്ള താത്പര്യങ്ങളേയും വെളിപ്പെടുത്താൻ എല്ലാവരും മുന്നിട്ടിറങ്ങണം. ജനകീയവിരുദ്ധമായ സെൻസർഷിപ്പിനെ ജനകീയത കൊണ്ടുതന്നെ മറികടക്കേണ്ടതുണ്ട്.

(വ്യാപകമായ പ്രതിഷേധത്തെ തുടർന്ന് 19-9-2003ന് സർക്കാർ സെൻസർഷിപ്പ് സംബന്ധിച്ച നിബന്ധനകൾ പിൻവലിച്ചു) ■

# കൊക്കകോള : ഒരുവർഷം മുമ്പ് മുന്നറിയിപ്പ് നൽകിയിരുന്നു

പ്ലാച്ചിമട കൊക്കകോള കമ്പനി ഉയർത്തുന്ന ഗുരുതരമായ മലിനീകരണ ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയ ശാസ്ത്രജ്ഞൻ നൽകിയ റിപ്പോർട്ട് ഒരു വർഷം കഴിഞ്ഞിട്ടും സർക്കാർ പരിശോധിച്ചില്ല.

കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞൻ ഡോ. ഫ്രാൻസീസ് സേവ്യർ നടത്തിയ പഠനറിപ്പോർട്ടാണ് സംസ്ഥാന സർക്കാരും മലിനീകരണ നിയന്ത്രണ ബോർഡും ചവറ്റുകൊട്ടയിലെറിഞ്ഞത്. കഴിഞ്ഞ വർഷം ഏപ്രിലിലാണ് ഡോ. ഫ്രാൻസിസ് സേവ്യർ ഫാക്ടറിയിലെ ഖരമാലിന്യം, സമീപപ്രദേശങ്ങളിലെ കിണർവെള്ളം എന്നിവ പരിശോധിച്ചത്.

കാർഷിക സർവ്വകലാശാലയുടെയും ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെയും ലബോറട്ടറിയിൽ നടത്തിയ പരിശോധനയിൽ കിണർ വെള്ളം കുടിക്കാൻ യോഗ്യമല്ലാത്തവിധത്തിൽ വിഷമയമാണെന്ന് കണ്ടെത്തിയിരുന്നു. വളമെന്ന പേരിൽ കർഷകർക്ക് നൽകിയ ഖരമാലിന്യം ജീവജാലങ്ങൾക്കും സസ്യങ്ങൾക്കും ദോഷകരമാണെന്നും കണ്ടെത്തുകയുണ്ടായി.

ശാത്രജ്ഞൻ കണ്ടെത്തിയ വിവരങ്ങൾ യഥാസമയം സർക്കാരിനെയും മലിനീകരണ നിയന്ത്രണ ബോർഡിനെയും തൃശൂരിലെ 'ജനനീതി' അറിയിച്ചുവെങ്കിലും സർക്കാർ അനങ്ങിയില്ല. മനുഷ്യാവകാശ പ്രവർത്തകനായ മുകുന്ദൻ സി. മേനോൻ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബി.ബി.സി.റേഡിയോ ലോകവ്യാപകമായി വാർത്താപ്രക്ഷേപണം ചെയ്ത സാഹചര്യത്തിൽ മാത്രമാണ് മലിനീകരണ നിയന്ത്രണബോർഡ് പ്രശ്നം പഠിക്കാൻ തയ്യാറായത്. ബോർഡ് നടത്തിയ പഠനത്തിൽ ഖരമാലിന്യത്തിൽ അനുവദനീയമായതിന്റെ നാലിരട്ടിയിലേറെ കാഡ്മിയത്തിന്റെ സാന്നിധ്യം കണ്ടെത്തി. ഖരമാലിന്യം പുറത്തുവിടുന്നത് വിലക്കുക മാത്രമാണ് ബോർഡ് ചെയ്തത്.

പ്ലാച്ചിമട കൊക്കകോള ഫാക്ടറി സ്ഥിതിചെയ്യുന്ന സ്ഥലം വെള്ളം വറ്റാത്ത പൂന്തൽപ്പാടമായിരുന്നു.

ഫാക്ടറിപ്രവർത്തനം തുടങ്ങിയശേഷം ഇതിന് സമീപത്തെ കിണറുകളിൽ വെള്ളം വറ്റിയതായും ഡോ.ഫ്രാൻസീസ് സേവ്യർ കണ്ടെത്തിയിരുന്നു. ഭൂഗർഭ ജലവിഭവ വകുപ്പിന്റെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവന്നുവെങ്കിലും ബി.ബി.സി. റിപ്പോർട്ട് വരുംവരെ ഇവരും അനങ്ങിയില്ല. ഭൂഗർഭ ജലവകുപ്പ് സ്വന്തം കണ്ടെത്തലിന് വിപരീതമായ ഫലം പ്രസിദ്ധീകരണത്തിന് നൽകി കോള കമ്പനിയെ രക്ഷിക്കാൻ നടത്തിയ ശ്രമം വിവാദമുയർത്തിയിരുന്നു. *(കടപ്പാട് -അബ്ദുല്ല മട്ടാഞ്ചേരി, മാധ്യമം, ആഗസ്റ്റ് 26)*

# കാൻകൂൺ – പ്രതിഷേധങ്ങൾ



ലീ ക്യാങ്ങ് ഹെ (55)

**സിം**ഗപ്പൂർ സമ്മേളനത്തിൽ നടന്ന നീക്കുപോക്കുകൾക്ക് അവസാനരൂപം നൽകുന്നതിനിടയിൽ അമേരിക്കയും യുറോപ്യൻ യൂണിയനും കാർഷിക രംഗത്ത് യാതൊരുതരത്തിലുള്ള നടപടികൾ സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് മിക്കവാറും ആഫ്രിക്കൻ രാഷ്ട്രങ്ങൾ ഇറങ്ങിപ്പോയതോടെ കാൺകൂണിൽ നടന്ന WTO യുടെ 5-ാം മന്ത്രിതല സമ്മേളനം അലസിപ്പോയി. ഇറങ്ങിപ്പോയവരുടെ പ്രതികരണങ്ങളിൽ ചിലത്.

**യാഷ്ടാണ്ഡൻ (ഉഗാണ്ഡ)** : ഞങ്ങളുടെ രാഷ്ട്രങ്ങളിൽ വിദേശപ്പണം നിക്ഷേപിക്കുന്നതിനുവേണ്ടിയുണ്ടാക്കുന്ന സ്വതന്ത്ര്യവ്യാപാരക്കരാർ വളർച്ചയിലേക്കും ദാരിദ്ര്യനിർമ്മാർജ്ജനത്തിലേയ്കും വഴിതെളിക്കണമെന്നില്ല. യുറോപ്യൻ യൂണിയനും അമേരിക്കയും വിചാരിക്കുന്നത് രണ്ടോ മൂന്നോ ദിവസം തിരക്കിട്ടിരുന്ന് എല്ലാവർക്കും വേണ്ടി തീരുമാനമെടുക്കാമെന്നാണ്. അഗാധമായി പക്ഷപാതിത്വമുള്ള ഒരു തീരുമാനം എല്ലാവരും അംഗീകരിക്കണമെന്ന് അവർ ശഠിക്കുന്നു. ഞങ്ങൾക്കതിനാവില്ല. കാരണം ഈ കരടുരേഖ അംഗീകരിച്ചാൽ കോടിക്കണക്കിന് ആഫ്രിക്കക്കാർ പട്ടിണിയിലും അരക്ഷിതാവസ്ഥയിലും കഴിയേണ്ടിവരും.

**ജോർജ്ജ് (കരീബിയൻ ദ്വീപുകൾ)** : ഞങ്ങൾ അസംതൃപ്തരാണ്. ഞങ്ങൾ കാൻകൂണിലേയ്ക്കു വന്നത് ഞങ്ങളുടെ കർഷകർക്ക് നന്മ കിട്ടും എന്നു കരുതിയാണ്. ഒന്നുമുണ്ടായില്ല.

**അരുൺ ജൈറ്റ്ലി (ഇന്ത്യ) :** കരട് രേഖ വികസ്വര, അവികസിത രാഷ്ട്രങ്ങളുടെ ആഗ്രഹങ്ങൾ പ്രതിഫലിപ്പിക്കുന്നില്ല.

**മാനുവൽ റോക്സസ് (ഫിലിപ്പൈൻസ്) :** ഈ ഫലത്തിൽ ഞാൻ അസംതൃപ്തനാണ്.

**മാർട്ടിൻ ഖോർ (തേർഡ് വേൾഡ് നൈറ്റ്വർക്ക്, മലേഷ്യാ** : WTOയിന് കൃത്യമായ ജനാധിപത്യപരമായി കാര്യങ്ങൾ തീരുമാനിക്കാനുള്ള സംവിധാനമില്ലെന്നാണ് കാൻകൂൺ നൽകുന്ന പാഠം. ഈ പ്രശ്നത്തിന്റെ ഒരേ ഒരു കാരണം ജനാധിപത്യത്തിന്റെ അഭാവമാണ്.

ധാർഷ്ട്യത്തിന്റെ സ്വരമാണ് യുറോപ്യൻ യൂണിയൻ വ്യാപാര കമ്മീഷണർ പാസ്ക്കൽ ലാമിയും ഐക്യനാടുകളിലെ വ്യാപാര പ്രതിനിധി റോബർട്ട് സോലിക്കും പുറപ്പെടുവിച്ചത്. ബഹു. മുഖമായ മുന്നണി സംഘടനകളിലൂടെ പ്രവർത്തിക്കുകയെന്നതാണ് ഞങ്ങളുടെ അജണ്ട. WTO അതിലൊന്നു മാത്രം. ഇപ്പോൾ ഞങ്ങൾ 14 സ്വതന്ത്ര വ്യാപാര കരാറുകളിൽ നീക്കുപോക്കുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ആ കരാറുകൾ ഞങ്ങൾക്കിപ്പോൾ തന്നെയുമുണ്ട്.

കൊറിയക്കാരനായ ലീക്യൂങ്ങ് ഹേ അദ്ദേഹത്തിന്റെ ജീവൻ അർപ്പിച്ചുകൊണ്ടാണ് വികസിത രാഷ്ട്രങ്ങളുടെ മുൻകൈയ്യിലുള്ള വ്യാപാരക്കരാറുകൾ ചവിട്ടിയരക്കുന്ന അനേക ലക്ഷങ്ങളുടെ പ്രതിഷേധം അറിയിച്ചത്.

കാൻകൂൺ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ അവിടെ ചേർന്ന തദ്ദേശ ജനതാ പ്രതിനിധികൾ (Indigenous People Reseprsentatives) ഭരണകൂടങ്ങളോടാവശ്യപ്പെട്ട നിബന്ധനകൾ.

1. ഞങ്ങളുടെ പ്രാദേശികാവകാശങ്ങളും വിഭവാധികാരങ്ങളും സ്വയം നിർണ്ണയാവകാശവും തിരിച്ചറിവുകളും സംരക്ഷിക്കുകയും ചെയ്യുക. സൈനികവത്ക്കരണത്തിന്റേയും, പദ്ധതി വികസനങ്ങളുടേയും വ്യവസായവല്ക്കരണത്തിന്റേയും, കയറ്റുമതി പ്രവിശ്യാ നിർമ്മാണങ്ങളുടേയും ഫലമായി നിരവധി തദ്ദേശീയരെ അവരുടെ മണ്ണിൽ നിന്നും നീക്കം ചെയ്തുകൊണ്ടേയിരിക്കുന്നു. അവരെ അവരുടെ മണ്ണിലേക്ക്തന്നെ തിരിച്ചുകൊണ്ടുവരേണ്ടതുണ്ട്. ചുരുങ്ങിയ പക്ഷം അവർക്ക് ന്യായമായ നഷ്ടപരിഹാരമെങ്കിലും നൽകേണ്ടതുണ്ട്. തദ്ദേശീയ ജനതയുടെ അവകാശങ്ങളെപ്പറ്റിയുള്ള UN കരട് രേഖ WTO നിയമപരമായി സ്വീകരിക്കേണ്ടതുണ്ടെന്ന അടിയന്തിരാവശ്യത്തെ ഭരണകൂടങ്ങൾ പിൻതുണയ്ക്കേണ്ടതുണ്ട്.

2. ജൈവവിഭവങ്ങളിലും തദ്ദേശീയ ജ്ഞാനത്തിലുമുള്ള ബൗദ്ധിക സ്വത്തവകാശവും പാറ്റന്റ് സമ്പാദനവും നിർത്തലാക്കുക.

3. തദ്ദേശീയ ജനതയുടെ ആരോഗ്യത്തിനായുള്ള അടിസ്ഥാനാവകാശം ഉറപ്പുവരുത്തുക. ഔഷധ നിർമ്മാണ കോർപ്പറേഷനുകളും ജൈവസാങ്കേതിക കോർപ്പറേഷനുകളും ആവശ്യപ്പെടുന്ന പാറ്റന്റ് സംരക്ഷണ പൊതുജനാരോഗ്യത്തെയും സുരക്ഷയെയും മുൻനിർത്തി പരിമിതപ്പെടുത്തുക.

4. പുതിയ റൗണ്ട് ചർച്ചകൾ ആരംഭിക്കുന്നതിനെതെയുള്ള വികസ്വര രാഷ്ട്രങ്ങളുടെ കാഴ്ചപ്പാടിനെ ഞങ്ങൾ പിന്തുണയ്ക്കുന്നു. നിക്ഷേപം, മത്സരം, വ്യാപാരത്തിൽ വ്യാപാരത്തിനാവശ്യമായ അംഗീകാരവും സംരക്ഷണവും ഗവൺമെന്റ് ചിലവിൽ നൽകുന്നത് സുതാര്യമാക്കുക.

5. ആരോഗ്യത്തിന്റേയും വിദ്യാഭ്യാസത്തിന്റേയും ജലത്തിന്റേയും ഊർജ്ജത്തിന്റേയും പാരിസ്ഥിതിക സേവനങ്ങളുടേയും സ്വകാര്യവത്ക്കരണവും ഉദാരവല്ക്കരണവും പ്രശ്നാധിഷ്ഠിതമായി ചർച്ചചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

6. അമേരിക്ക, യുറോപ്യൻ യൂണിയൻ അംഗരാഷ്ട്ടങ്ങൾ, കാനഡ, ആസ്ട്രേലിയ, ന്യൂസിലാന്റ് എന്നീ രാജ്യങ്ങളിൽ നിന്നുള്ള ഉന്നത സബ്സിഡി പറ്റുന്ന, കൃത്രിമമാംവിധം വിലകുറച്ച കാർഷികോല്പന്നങ്ങൾ വാങ്ങിക്കൂട്ടുന്നതിനെതിരെ ഭരണകൂടങ്ങൾ ഉറച്ച നടപടി എടുക്കുക.

7. തദ്ദേശീയ ജനതയുടെ സൈനിക വല്ക്കരണം അവസാനിപ്പിക്കുക. നാശകാരിയായ വ്യവസായങ്ങൾക്കും പദ്ധതികൾക്കും എതിരേയുള്ള പ്രാദേശിക ജനതയുടെ ചെറുത്തുനിൽപ്പുകൾക്കുമേൽ നടത്തുന്ന അതിക്രമങ്ങൾ അവസാനിപ്പിക്കുക.

8. തദ്ദേശീയ വിഭാഗങ്ങളും അമേരിക്കക്കാരും (യു.എസ്.എ., കാനഡ, മെക്സിക്കോ) തമ്മിൽ അനേകനൂറ്റാണ്ടുകൾ നിലനിന്നിരുന്ന സുരക്ഷിതമായ വ്യാപാര സമ്പ്രദായങ്ങളെ പിന്താങ്ങുകയും ബലപ്പെടുത്തുകയും ചെയ്യുക. ■

# പീഡനവും പരിഹാരവും

ജനനീതിയുടെ ആഭിമുഖ്യത്തിൽ പീഡനത്തിനെതിരായ ഐക്യരാഷ്ട്രകൺവെൻഷൻ ചർച്ചചെയ്യുന്നതിനായി ദക്ഷിണേന്ത്യയിലെ മനുഷ്യാവകാശപ്രവർത്തകർ 2003 ആഗസ്റ്റ് 15 മുതൽ 18 വരെ തൃശ്ശൂരിൽ കൂടിച്ചേരുകയുണ്ടായി. പീഡനത്തിനെതിരെയുള്ള നിർദ്ദേശങ്ങൾ ഇന്ത്യയിൽ എങ്ങനെ നടപ്പിലാക്കാം എന്നുള്ളതായിരുന്നു പ്രധാന ആലോചനാവിഷയം. പ്രതിനിധികൾ ചർച്ചയ്ക്കിടയിൽ എത്തിച്ചേർന്ന നിഗമനങ്ങൾ താഴെപ്പറയുന്നു.

1. ഇന്ത്യയിലെ പോലീസ് സ്റ്റേഷനുകളിൽ പീഡനം സർവ്വസാധാരണമാണ്.
2. പീഡനം മിയ്ക്കപ്പോഴും ലോക്കപ്പ് മരണത്തിലേയ്ക്കോ കാണാതാകലിലേയ്ക്കോ 'എറ്റുമുട്ടലിൽ കൊല്ലപ്പെടുന്ന' തിലേയ്ക്കോ നയിക്കുന്നു.
3. അതിനുപുറമേ മാരകമായ മുറിവുകളിലേക്ക്, സ്ഥിരമായ അംഗവൈകല്യങ്ങളിലേയ്ക്ക്, മാനസികവിഭ്രാന്തിയിലേയ്ക്ക് ഒക്കെ പീഡനം വഴിതുറക്കുന്നു.
4. പോട്ടയും ടാഡയും എസ്മയും ടെസ്മയും പോലുള്ള കരിനിയമങ്ങൾ പീഡനത്തിന് ഏതറ്റംവരെ പോകാനുമുള്ള മറ സൃഷ്ടിക്കുന്നു.
5. പോലീസ് സ്റ്റേഷനുകളിൽ പ്രാകൃതവും ക്രൂരവുമായ ഭാഷയുടെ ഉപയോഗം സർവ്വസാധാരണമാണ്.
6. സ്ത്രീകൾക്കും പെൺകുട്ടികൾക്കും മേൽ ലോക്കപ്പ് ബാലാത്സംഗവും മറ്റ് ലൈംഗിക അതിക്രമങ്ങളും ഇന്ത്യയിൽ കൂടിക്കൂടി വരുന്നു.
7. പ്രതികൾക്കുമേൽ മാത്രമല്ല അതിക്രമങ്ങൾ നടത്തുന്നത്. വാദികൾക്കും പരാതിക്കാർക്കും മേൽ അതിക്രമങ്ങൾ നടത്തുന്നുമുണ്ട്.
8. അതിക്രമങ്ങൾക്കെതിരെ പരാതിപ്പെടേണ്ടത് അതിക്രമങ്ങൾ നടത്തുന്ന അതേ പോലീസിനോടു തന്നെയാണ്. പീഡനത്തെ ഫലപ്രദമായി ചെറുക്കുന്നതിനുള്ള അധികാരം കേന്ദ്ര-സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് ഇല്ല.
9. പീഡനവും കെട്ടിച്ചമച്ച കേസുകളും തമ്മിൽ വലിയ ബന്ധമുണ്ട്. ഇതു വഴിയാണ് നിരപരാധികൾ മിക്കപ്പോഴും പീഡനത്തിനിരയാകുന്നത്.
10. പീഡനത്തിനെതിരായുള്ള ഐക്യരാഷ്ട്ര കൺവെൻഷൻ ആവശ്യപ്പെടുന്നതരത്തിലുള്ള സംവിധാനം ഇന്ത്യയിൽ ഇല്ല. ശിക്ഷാനിയമത്തിലെ ആകെ രണ്ടു ഭാഗങ്ങൾ (ഭാഗം 330 ഉം 331 ഉം) മാത്രമാണ് കുറ്റമേറ്റുപറയുന്നതിനുവേണ്ടി അതിക്രമം പ്രവർത്തിക്കുന്നതിന് എതിരായി നിലകൊള്ളുന്നത്.
11. പീഡനത്തിനിരയാകുന്നവർക്കെതിരെ കുതിരകയറുന്ന പ്രോസിക്യൂഷൻ സമ്പ്രദായമാണ് ഇന്ത്യയിൽ ഉള്ളത്.
12. ഇന്ത്യയിൽ നിലവിലുള്ള ക്രിമിനൽ നീതിന്യായവ്യവസ്ഥ പ്രകാരം പീഡനത്തിനിരയാകുന്ന വ്യക്തിയ്ക്ക് പരിഹാരനടപടിയിൽ പ്രധാന ഭാഗധേയമില്ല. മറിച്ച് അന്വേഷണ ഉദ്യോഗസ്ഥർക്കാണ് പ്രധാന ഭാഗധേയം. അവരാകട്ടെ മിക്കവാറും അഴിമതിക്കാരും.
13. ഇന്ത്യ ഇതുവരെ പീഡനത്തിനെതിരെയുള്ള ഐക്യരാഷ്ട്രകൺവെൻഷനെ നിയമപരമായി സ്വീകരിച്ചിട്ടില്ല. അതിനാൽ ഇന്ത്യാക്കാർക്ക് അന്താരാഷ്ട്രനിയമത്തിനുകീഴിലുള്ള പരിഹാരങ്ങൾ നേടാൻ സാധിക്കുന്നില്ല .
14. നിരവധി മനുഷ്യാവകാശസംഘങ്ങൾ ഇന്ത്യയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽപോലും പീഡനത്തിനെതിരെ ശക്തിമത്തായ ഒരു പ്രചാരണം നടത്താൻ ഇതുവരെയായിട്ടില്ല.
15. മനുഷ്യാവകാശ കോടതികൾ പലപ്പോഴും ഫലപ്രദമല്ല. ഇന്നത്തെ അവസ്ഥയിൽ, ഇപ്പോൾതന്നെ പ്രവൃത്തിഭാരം കൊണ്ടുവലയുന്ന ജഡ്ജിമാർക്കു മേൽ കൂടുതൽ ഭാരം അടിച്ചേല്പിക്കുകയല്ലാതെ മറ്റൊന്നും മനുഷ്യാവകാശ കോടതികൾ സൃഷ്ടിച്ചിട്ടില്ല. സാധാരണ കോടതികളിൽ നടക്കുന്ന ദീർഘമായ വ്യവഹാരരീതികൾ തന്നെയാണ് മനുഷ്യാവകാശ കോടതികളും അവലംബിക്കുന്നത്.
16. മളീമറ് കമ്മറ്റി നിർദ്ദേശിച്ച പരിഷ്ക്കരണങ്ങൾ ന്യായമായ വിചാരണയെ സഹായിക്കുന്നതിനുപകരം പോലീസിന്റെ അധികാരത്തെ കൂടുതലാക്കുന്നതിനാണ് സഹായിക്കുന്നത്.

*പ്രതിനിധികൾ താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ ഗവൺമെന്റിനോടഭ്യർത്ഥിച്ചു.*

1. പീഡനത്തിനെതിരെയുള്ള ഐക്യരാഷ്ട്ര കൺവെൻഷന്റെ നിർദ്ദേശങ്ങളെ എത്രയും വേഗം നിയമപരമായി ഉൾകൊള്ളുക.
2. മിക്കവാറും ലോകരാഷ്ട്രങ്ങൾ രാഷ്ട്ര കൺവെൻഷൻ നിർദ്ദേശങ്ങളെ നടപ്പാക്കിയിട്ടുണ്ട്. ഇന്ത്യ കൺവെൻഷനിൽ ഒപ്പിട്ട രാജ്യമായിരുന്നിട്ടുപോലും ഇത് നടപ്പാക്കാത്തത് മാപ്പർഹിക്കുന്ന ഒന്നല്ല.
3. കൺവെൻഷൻ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഉത്തരവാദിത്വമുള്ള നിരവധി പൗരന്മാർ ആവശ്യമുന്നയിച്ചു കഴിഞ്ഞു. ദേശീയ മനുഷ്യാവകാശകമ്മീഷൻ പോലും ഗവൺമെന്റിനോട് ഇക്കാര്യം ശുപാർശചെയ്തിട്ടുമുണ്ട്.
4. പീഡനക്കേസുകൾ രേഖപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമായിട്ടുപോലും അത് ചെയ്യപ്പെടുന്നില്ല. ആധുനിക നീതിവ്യവസ്ഥയിൽ വളരെ അത്യാവശ്യമായ ഒന്നാണ് ഇത്.
5. പീഡനത്തിനിരയായവർക്ക് തങ്ങളുടെ പീഡനത്തിന്റെ വ്യാപ്തി ലോകമനസ്സാക്ഷിയ്ക്ക് മുന്നിൽ തുറന്നുകാണിക്കാൻ പുതിയ വാർത്താവിനിമയ സങ്കേതങ്ങളെ ആശ്രയിക്കേണ്ടതുണ്ട്.
6. ഇന്ത്യയിലെ ജാതി- മത-വിഭജനങ്ങൾ പീഡനവുമായി അത്രമേൽ ബന്ധപ്പെട്ടിരിക്കുന്നു. ഭരണകൂടം പ്രയോജകരായിത്തീരുന്ന അതിക്രമങ്ങൾ വളരെ വർദ്ധിച്ചിരിക്കുന്നു. അതിനാൽ മതവല്ക്കരണത്തിനും ജാതിവല്ക്കരണത്തിനുമെതിരെ പൊരുതേണ്ടതുണ്ട്.

*എന്ന് പങ്കെടുത്തവർ*

● ഭാരതി. ജി, പരേഖ്, കർണ്ണാടക, ● ഡോ. ഫ്രാൻസിസ് സേവ്യർ, കേരളം ● ജി. സുബ്രമണ്യൻ, തമിഴ്നാട് ● ടോമി മാത്യൂ, കേരളം ● ജിയോ ജോസ്, കേരളം ● ഡോ. കെ. ഉമാദേവി, ആന്ധ്രാപ്രദേശ് ● അഡ്വ. ബിജോ ഫ്രാൻസീസ്, കേരളം ● അഡ്വ. ജോൺസൺ ഐനിക്കൽ, കേരളം ● കീർത്തി റോയ്, പശ്ചിമബംഗാൾ ● വിനയ, കേരളം ● അഡ്വ. സ്റ്റീഫൻ മാത്യൂ, കേരളം ● മല്ലേ ശേഷഗിരിറാവു, ആന്ധ്രപ്രദേശ് ● അഡ്വ. ജോർജ്ജ് പുലികുത്തിയിൽ, കേരളം ● കെ.ജി. ശങ്കരപ്പിള്ള, കേരളം ● എ. അമരയ്യ, ആന്ധ്രപ്രദേശ് ● അഡ്വ. ഷാജി ജോർജ്ജ്, കേരളം ● അഡ്വ. ഇ.വി. ജോഷി, കേരളം ● ജി. കറിഞ്ഞി ഷൺമുഖസുന്ദരം, തമിഴ്നാട് ● ഏ.ബി. പ്രസാദ്, കേരളം ● ഡോ. ജോർജ് മാത്തൻ, കേരളം ● അഡ്വ. ലിയോനാർഡ് ഫെർണാൺഡോ, തമിഴ്നാട് ● കെ. ബാലസുന്ദരം, കേരളം ● അഡ്വ. പി.പി. വിനീത്, കേരളം ● പോൾ ജോസഫ് കാട്ടൂക്കാരൻ, കേരളം ● ടി.കെ. നവീനചന്ദ്രൻ, കേരളം ● അഡ്വ. ഫരീദ അൻസാരി, കേരളം ● അഡ്വ. ജാസ്മിൻ ജോസഫ്, കേരളം ■

# കുട്ടികളും അവകാശങ്ങളും

**അഡ്വ. ഫരീദ അൻസാരി**

ഇന്ത്യയിൽ മനുഷ്യാവകാശങ്ങൽ നിഷേധിക്കപ്പെടുന്ന പ്രധാനവിഭാഗങ്ങൾ സ്ത്രീകളും, കുട്ടികളും, ദളിതരും ആദിവാസികളുമാണ്. അതിൽ ഏറ്റവും കൂടുതൽ ഹനിക്കപ്പെടുന്നത് കുട്ടികളുടെ അവകാശം തന്നെയാണ്. കുടുംബബന്ധം തകരുമ്പോൾ സംരക്ഷിക്കാനും സ്നേഹിക്കാനും ആരുമില്ലാതെ ഒറ്റപ്പെടുന്ന കുട്ടികൾ, സ്നേഹത്തിന്റെ പേരിൽ വഞ്ചിതരായി ലൈംഗികചൂഷണംവരെ അനുഭവിക്കുന്ന കുട്ടികൾ, സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ മൂലം കഠിനാദ്ധ്വാനം ചെയ്യുന്ന കുട്ടികൾ, തെരുവുകളിൽ പിറന്നുവളർന്നു ഭിക്ഷതെണ്ടാൻ നിയോഗിക്കപ്പെട്ടവർ - ഇവരൊക്കെ അനുഭവിക്കുന്ന മനുഷ്യാവകാശലംഘനങ്ങൾ സമൂഹത്തിന് അവഗണിക്കാനാവില്ല. ശാരീരികവും മാനസികവുമായ പക്വതയില്ലാത്തതുകൊണ്ട് ഒന്നും പ്രതികരിക്കാനാവാതെ, അവകാശങ്ങളെക്കുറിച്ചറിയാതെ സമൂഹം തീർത്ത ചങ്ങലകൾക്കുള്ളിൽ കഴിയാൻ വിധിക്കപ്പെട്ടവരായി കഴിഞ്ഞുകൂടുകയാണ് ഭാവിതലമുറ.

ഈ പശ്ചാത്തലത്തിലാണ് കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചുള്ള ചിന്തകൾ പ്രസക്തമാകുന്നത്. ഈ അവകാശങ്ങളെ തിരിച്ചറിയുക എന്നത് കുട്ടികളെ, അവരുടെ അവകാശങ്ങളെ അംഗീകരിക്കലാണ്, മാത്രമല്ല അവർക്ക് അർഹമായ സ്ഥാനം നല്കി അവരുടെ വളർച്ചയ്ക്ക് വഴിയൊരുക്കലാണ്. ഇത്തരത്തിലുള്ള ഒരു തിരിച്ചറിവാണ് ഈയിടെ ഹൈക്കോടതി പ്രഖ്യാപിച്ച മാത്യുവർഗ്ഗീസ് Vs റോസമ്മവർഗ്ഗീസ് KLT (2003 (3) എന്ന വിധിന്യായം. ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ട അച്ഛന് മൈനറായ മകനെ സംരക്ഷിക്കാനും പ്രായപൂർത്തിയാവുന്നതുവരെ ചിലവിനു കൊടുക്കാനും കടമയുണ്ടെന്ന് കോടതി പ്രസ്താവിക്കുകയുണ്ടായി. കമ്മീഷണർ ഓഫ് ഇൻകം ടാക്സ് Vs പൈലി പിള്ളെ 1972 KLT 24 അതുപോലെ തന്നെ ചാക്കോ ഡാനിയൽ Vs ഡാനിയൽ ജോഷ്വാ 1952 KLT 595 എന്നീ കേസ്സുകളെ അസാധുവാക്കികൊണ്ടാണ് പുതിയ തീരുമാനം ഉണ്ടായത്. വളരെ വൈകി എങ്കിലും നീതിയുക്തമായ ഈ തീരുമാനം പ്രശംസനീയവും സ്വാഗതം ചെയ്യാവുന്ന ഒന്നുമാണ്.

Hindu Adoption and Maintenance Act - (S-20) ലും, മുസ്ലീം വ്യക്തി നിയമത്തിലും, Muslim Women (Protection of Rights on Divorce) Act 1986 (S.3) മൈനർമാരായ കുട്ടികളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും പ്രായപൂർത്തിയാവുന്നതുവരെ കുട്ടിയുടെ രക്ഷകർത്താവ് എന്ന നിലയിൽ അച്ഛൻ ചിലവിനുകൊടുക്കേണമെന്നും നിയമത്തിൽ പ്രതിപാദിക്കുന്നുണ്ട്. അതുപോലെ തന്നെ ക്രിമിനൽ നടപടി നിയമം 125-ാം വകുപ്പു പ്രകാരവും കുട്ടികളെ സംരക്ഷിക്കാനും ചിലവിന് കൊടുക്കാനും അച്ഛൻ ബാദ്ധ്യസ്ഥനാണ്. ഈ നിയമം എല്ലാ മതവിഭാഗങ്ങൾക്കും ബാധകമാണ്. 1984-ൽ കുടുംബകോടതി ഉണ്ടാക്കുന്നതുവരെ മജിസ്ട്രേറ്റ് കോടതിയിലാണ് ഇതിനുള്ള പരാതികൾ സമർപ്പിച്ചിരുന്നത്. വിവാഹബന്ധം വേർപ്പെട്ടു കഴിയുന്ന ഭാര്യയ്ക്കും, പ്രായപൂർത്തിയാവുന്നതുവരെ മക്കൾക്കും, വരുമാനമാർഗ്ഗമില്ലാത്ത അച്ഛനും അമ്മയ്ക്കും ചിലവിനു കൊടുക്കാൻ ഈ നിയമപ്രകാരം ഒരു പുരുഷൻ ബാദ്ധ്യസ്ഥനാണ്. ഇതുകൂടാതെ സിവിൽ നടപടി നിയമത്തിലും സംരക്ഷിക്കേണ്ട ചുമതലയെക്കുറിച്ച് വകുപ്പ് 9, ഓർഡർ 32 A (d) ലും വിവരിക്കുന്നുണ്ട്. ഇന്ത്യൻ ഡൈവോഴ്സ് ആക്ടിലെ 41 മുതൽ 44 വരെയുള്ള വകുപ്പുകൾ ചിലവിനു ലഭിക്കാനുള്ള അവകാശത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

ഒരു കുട്ടിക്ക് നല്ലൊരു പൗരനായി വളർന്നുവരാൻ എന്തൊക്കെയാണോ ആവശ്യം അതൊക്കെ അവരുടെ അവകാശങ്ങളാണ്. പ്രായപൂർത്തിയാകുന്നതുവരെ സംരക്ഷിക്കപ്പെടുക എന്നതും കുട്ടികളുടെ ഒരു അവകാശം തന്നെയാണ്. 1924 ലെ ജനീവ പ്രഖ്യാപനത്തിലും 1948 -ലെ അന്തർദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിലും സ്ത്രീകൾക്കും കുട്ടികൾക്കും നല്കേണ്ട പ്രത്യേക പരിഗണനയെക്കുറിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ഈ പ്രഖ്യാപനങ്ങൾ എല്ലാ അവകാശങ്ങളും എല്ലാവർക്കും പ്രദാനം ചെയ്യുന്നു. സ്വാഭാവികമായും ഇത് കുട്ടികൾക്കും ബാധകമാണ്. ഈ അടിസ്ഥാനത്തിലാണ് നമ്മുടെ ഭരണഘടന കുട്ടിയുടെ അവകാശങ്ങളെക്കുറിച്ച് പരാമർശിച്ചിരിക്കുന്നത്. ഭരണഘടനയിലെ 21-ാം അനുഛേദത്തിൽ ജീവിക്കാനുള്ള അവകാശത്തെക്കുറിച്ച് വ്യക്തമായി വിവരിച്ചിട്ടുണ്ട്. അതുകൊണ്ട് കുട്ടിയ്ക്ക് ജീവിക്കാൻ ആവശ്യമായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം എന്നിവ നല്കാതിരിക്കുന്നത് കുട്ടിയുടെ അവകാശം നിഷേധിക്കലാണ്. ഈ അവകാശസംരക്ഷണം മുന്നിൽ കണ്ടുകൊണ്ടു കൂടിയാണ് കോടതി ഇങ്ങനെ ഒരു തീരുമാനത്തിലെത്തിയത്.

നിയമങ്ങൾ ഉണ്ടായിട്ടുപോലും ലോകത്തിലെ എല്ലാ രാജ്യങ്ങളിലും കുട്ടികൾ അപകടകരമായ പ്രതിസന്ധിയിലൂടെയാണ് ബാല്യകാലം തരണം ചെയ്യുന്നത് എന്നു മനസ്സിലാക്കി, ഐക്യരാഷ്ട്ര പൊതുസഭ കുട്ടികളുടെ അവകാശത്തെ സംബന്ധിച്ച് കൺവെൻഷന് രൂപംനല്കാൻ തീരുമാനിക്കുകയും, 1990-ൽ ആയത് നിലവിൽ വരുകയും ചെയ്തു. ഇന്ത്യ ഈ ഉടമ്പടിയ്ക്ക് അംഗീകാരം നല്കിയിട്ടുണ്ട്.

ഈ ഉടമ്പടിയുടെ 3-ാം വകുപ്പുപ്രകാരം പൊതു, സ്വകാര്യ, സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾ, കോടതി, നിയമനിർമ്മാണ സഭകൾ എന്നിവ കുട്ടികളെ സംബന്ധിച്ച് എടുക്കുന്ന എല്ലാ നടപടികളിലും കുട്ടികളുടെ താല്പര്യത്തിനായിരിക്കണം പ്രഥമ പരിഗണന നല്കേണ്ടത്. കുട്ടികളുടെ ക്ഷേമത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തണം. കുട്ടിയുടെ മാതാപിതാക്കളുടെയോ, നിയമപരമായ രക്ഷിതാവിന്റെയോ, കുട്ടിയെ സംരക്ഷിക്കാൻ നിയമപരമായി ഉത്തരവാദിത്വമുള്ള ആളുകളുടെയോ അവകാശങ്ങളും ചുമതലകളും കണക്കിലെടുത്തായിരിക്കണം നടപടികൾ സ്വീകരിക്കേണ്ടത്. മാത്രമല്ല കുട്ടികളെ സഹായിക്കാനായി അംഗരാജ്യങ്ങൾ അനുയോജ്യമായ നടപടികൾ സ്വീകരിക്കണമെന്നും പരാമർശിച്ചിട്ടുണ്ട്. ഇന്ത്യ ഈ ഉടമ്പടിയിൽ ഒപ്പുവെച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാകുട്ടികൾക്കും മതം ഏതായാലും മതിയായ സംരക്ഷണം നല്കുവാൻ ഉതകുന്ന നിയമനിർമ്മാണം നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. മേൽപറഞ്ഞ കേസ്സിലെ ക്രിസ്ത്യൻ വ്യക്തിഗത നിയമത്തിലുള്ള ഈ അപര്യാപ്തത നികത്താൻ നിയമം ഉണ്ടാക്കേണ്ട ചുമതല കൂടി ഗവൺമെന്റുകൾക്കുണ്ട്.

മറ്റെല്ലാ വ്യക്തിനിയമങ്ങൾക്കും കുട്ടികൾക്ക് ചിലവിനുലഭിക്കാനുള്ള അവകാശം വ്യക്തമാക്കികൊണ്ട് അവരുടെ സംരക്ഷണം ഉറപ്പുവരുത്തുന്നു. എന്നാൽ നിർഭാഗ്യവശാൽ ക്രിസ്ത്യൻ വ്യക്തിനിയമത്തിൽ മാത്രം ഇതിനെക്കുറിച്ച് ഒരു പരാമർശവും കാണുന്നില്ല. ഒരുപക്ഷേ കുട്ടികളെ സംരക്ഷിക്കാത്ത ഒരു സ്ഥിതിവിശേഷം ഊഹിക്കാൻ പോലും പറ്റാത്ത രൂഢമൂലമായ വിശ്വാസങ്ങളായിരിക്കണം ഈ അവസ്ഥയ്ക്ക് കാരണം. എന്നാൽ മൂല്യച്യുതി സംഭവിച്ച പുതിയ സമൂഹത്തെ, നിയമങ്ങളിലൂടെ തന്നെ മൂല്യങ്ങളോട് ചേർത്തുവയ്ക്കേണ്ടത് ആവശ്യമാണെന്ന വസ്തുത വീണ്ടും തെളിയിക്കപ്പെട്ടിരിക്കുന്നു. ■

Reg. No.3551/93/L Dis
Reg. No. KL/CR/TCR/347/2003-2005

ജനനീതി

പത്രാധിപസമിതി ◆ കെ.ജി. ശങ്കരപ്പിള്ള ◆ സി.പി. ഗംഗാധരൻ ◆ സി.ആർ. നീലകണ്ഠൻനമ്പൂതിരി ◆ പി.എസ്. മനോജ് കുമാർ ◆ പി.എൻ. ഗോപീകൃഷ്ണൻ ◆ എൻ.എൻ. ഗോകുൽദാസ് ◆ ഫ്രാൻസീസ് സേവ്യർ ◆ ടോമി മാത്യു ◆ ജാസ്മിൻ ജോസഫ് ◆ ജോർജ്ജ് പുലികുത്തിയിൽ

# 2003 – അന്താരാഷ്ട്ര കുടിവെള്ളവർഷം

**എൻ. എൻ. ഗോഗുൽദാസ്**

**'ജീവനുള്ള ജനത്തിന്റെ ജീവനായത് ജീവനം'**

ഏതോ പഴമൊഴിയാണിത്. ജീവനുമായി അഭേദ്യമായ് ബന്ധപ്പെട്ടുകിടക്കുന്നതുകൊണ്ടാവാം വെള്ളത്തിന് ജീവനം എന്ന പര്യായമുണ്ടായത്. വെള്ളത്തിലാണ് ജീവന്റെ ആദ്യകണികകൾ രൂപമെടുത്തത്. പകരം വെയ്ക്കാൻ മറ്റൊന്നില്ലാത്ത അമൂല്യമായ വരദാനമാണിത്. ജീവന്റെ ഭൌതികാടിസ്ഥാനമായ പ്രോട്ടോപ്ലാസത്തിന്റെ അറുപതുശതമാനം മുതൽ തൊണ്ണൂറുശതമാനം വളരെ വെള്ളമാണ്.

ശുദ്ധമായ കുടിവെള്ളം ഏതൊരു മനുഷ്യന്റെയും ജന്മാവകാശമാണ്. പക്ഷെ, ഭൂമിയിലെ വെള്ളത്തിന്റെ 97 ശതമാനവും സമുദ്രജലമാണ്. ശേഷിയ്ക്കുന്ന മൂന്നുശതമാനത്തിന്റെ മുക്കാൽ പങ്കും മഞ്ഞുമലകളിലും ഹിമശില (glaciers and ice bergs) കളിലുമായി ഉറഞ്ഞുകിടക്കുന്നു. ശേഷിച്ച വെള്ളമാണ് കുടിയ്ക്കാനും മറ്റുവീട്ടാവശ്യങ്ങൾക്കും കാർഷിക, വ്യാവസായിക, സേവനമേഖലകൾക്കുമായി കിട്ടുന്നത്. അരുവികൾ, നദികൾ, കുളങ്ങൾ, തടാകങ്ങൾ, കിണറുകൾ, കുഴൽക്കിണറുകൾ തുടങ്ങിയ ഉപരിതല, ഭൂഗർഭജലസ്രോതസ്സുകളിലായി ലഭിക്കുന്ന ഈ അപൂർവ്വനിക്ഷേപത്തെ അശ്രദ്ധയും അമിതചൂഷണവും മലിനീകരണവും വഴി നാം നാൾക്കുനാൾ നിഗ്രഹിക്കുകയാണ്.

കുടിവെള്ളസ്രോതസ്സുകളെയും നദികളെയും ചൊല്ലിയുള്ള കലഹങ്ങൾ ചരിത്രാതീതകാലങ്ങൾക്കു മുമ്പുതന്നെ നിലവിലുണ്ടായിരുന്നു. ക്രിസ്തുവിന് അരനൂറ്റാണ്ടുമുമ്പ് ശാക്യന്മാരും കോളിവംശജരും തമ്മിൽ രോഹിണി നദിയിലെ വെള്ളം പങ്കുവെയ്ക്കുന്നതിനെക്കുറിച്ചുണ്ടായ തർക്കം യുദ്ധത്തിലേയ്ക്കു നയിക്കുകയുണ്ടായി. ഈ യുദ്ധത്തിനെ അനുകൂലിക്കാതിരുന്നതുകൊണ്ടാണ് സിദ്ധാർത്ഥ ഗൌതമന് രാജ്യം വിട്ടുപോകേണ്ടിവന്നത്. വാൾടർ എച്ച് കോഴ്സൺ എഡിറ്റ് ചെയ്ത ദി ഗ്ലോബൽ ഇക്കോളജി ഹാൻഡ്ബുക്ക് എന്ന ഗ്രന്ഥത്തിൽ 214 ജലസ്രോതസ്സുകളെക്കുറിച്ച് പറയുന്നു. ഇതിൽ 155 എണ്ണം രണ്ടുരാഷ്ട്രങ്ങൾ വീതവും 36 എണ്ണം മൂന്നു രാഷ്ട്രങ്ങൾ വീതവും 23 എണ്ണം ഒമ്പതുമുതൽ പന്ത്രണ്ടു രാഷ്ട്രങ്ങൾ വീതവും പങ്കുവെയ്ക്കുന്നു. ഈ രാഷ്ട്രങ്ങളൊക്കെ വെള്ളത്തെച്ചൊല്ലി തമ്മിൽ തർക്കിയ്ക്കുന്നു. കുടിവെള്ള ലഭ്യത, കൃഷിയാവശ്യങ്ങൾ, അണക്കെട്ടു നിർമ്മാണം, മലിനീകരണം എന്നിവയാണ് തർക്കവിഷയങ്ങൾ വിവിധ ഇന്ത്യൻ സംസ്ഥാനങ്ങൾ തമ്മിലും ഇന്ത്യയും പാക്കിസ്ഥാനും തമ്മിലും ഇന്ത്യയും ബംഗ്ലാദേശും തമ്മിലും ഇന്ത്യയും നേപ്പാളും തമ്മിലും തർക്കങ്ങൾ നിലനിൽക്കുന്നു.

ജലസ്രോതസ്സുകളെ മലിനീകരിയ്ക്കുന്നതിൽ നമ്മൾ മത്സരബുദ്ധിയോടെ പങ്കെടുക്കുന്നു. നമുക്കു വേണ്ടാത്തത് എന്തും അന്യന്റെ വളപ്പിലോ ജലാശയങ്ങളുടക്കമുള്ള പൊതുസ്ഥലങ്ങളിലോ വലിച്ചെറിയുന്നു. സെപ്റ്റിക് കക്കൂസിനെക്കാൾ മുൻഗണന കേബിൾ ടിവിയ്ക്ക് നൽകുന്നു. അതുകൊണ്ടു തന്നെ മലയോരനിവാസികളുടെ മാലിന്യങ്ങളെ താഴ്വരനിവാസികളുടെ അന്നനാളത്തിലെത്തിയ്ക്കുന്ന സരണികളായി നമ്മുടെ നദികൾ മാറിക്കഴിഞ്ഞുവെന്ന് ഒരു സാംക്രമികരോഗവിദഗ്ദ്ധൻ അടുത്ത കാലത്ത് വിലപിയ്ക്കുകയുണ്ടായി. ജലജന്യരോഗങ്ങളായ കോളറ, ടൈഫോയ്ഡ്, അമീബിയാസിസ്, ജിയാഡിയാസിസ്, എലിപ്പനി, വിവിധ വിരബാധകൾ എന്നിവമൂലം എത്ര ലക്ഷം പേർ മരിയ്ക്കുന്നുവെന്ന് കാണിക്കുന്ന സ്ഥിതി വിവരക്കണക്കുകൾ നമ്മെ അലോസരപ്പെടുത്തുന്നില്ല. ഹരിശ്ചന്ദ്രഘട്ടുകളിൽ നിന്ന് പാതിവെന്ത ശവം പുണ്യനദിയായ ഗംഗയിൽ തള്ളിയിട്ടശേഷം ഗംഗാനദി മലിനമായതിൽ പ്രതിഷേധിച്ച് പ്രകടനം നടത്തുന്നു.

പേപ്പർ, റയോൺ, തുകൽ വ്യവസായങ്ങൾ മറ്റുവ്യവസായങ്ങളെ അപേക്ഷിച്ച് ഇന്ത്യൻ നദികളെ മലിനീകരിയ്ക്കുന്നതിന് കുത്തകാവകാശം നേടിയിട്ടുണ്ട്. കയർവ്യവസായം മുതൽ ആണവോർജംവരെയുള്ള ഒരു വ്യവസായവും നദികളെ വെറുതെ വിടുന്നില്ല. ആളൊന്നിന് പ്രതിവർഷം 500 ഗ്രാം കീടനാശിനികൾ നിർമ്മിയ്ക്കുന്ന ഒരുലോകത്താണ് നാം കഴിഞ്ഞുകൂടുന്നത്. ഇവയിൽ വലിയൊരു പങ്ക് ജലസ്രോതസ്സുകളിലെത്തിച്ചേരുന്നു. കോളമുതൽ കുപ്പിവെള്ളം വരെ എല്ലാം മലിനമായതിനാൽ അത്ഭുതത്തിനവകാശമില്ല. മുലപ്പാലിൽ പോലും വിഷാംശകലർന്നിരിയ്ക്കുന്നു. ഓരോ അമ്മയും പൂതനയായി മാറി!

മഴപോലും അമ്ലമയമായ ഈ പ്രതിസന്ധിഘട്ടത്തിൽ ഇന്നും നമുക്ക് ആശ്രയിക്കാവുന്നത് മഴവെള്ളം തന്നെ. മഴവെള്ളം ശേഖരിയ്ക്കാനും ഭൂമിയിലേയ്ക്ക് അരിച്ചിറങ്ങാനും വേണ്ട സംവിധാനങ്ങൾ ഒരുക്കേണ്ടകാലം കഴിഞ്ഞു. ഇതിന് നിയമനിർമ്മാണം വരെ കാത്തിരിയ്ക്കണമെന്നില്ല. എന്തുകൊണ്ടെന്നാൽ വെള്ളത്തിന് പകരം വെയ്ക്കാൻ വെള്ളം മാത്രമേയുള്ളൂ. ■

## റൂൾ ഓഫ് ലോ അന്താരാഷ്ട്ര കമ്മിറ്റി

UN ന്റെ കൺവെൻഷൻ against torture (CAT) അടിസ്ഥാനമാക്കി 'സൗത്ത് ഏഷ്യൻ പാട്ണർഷിപ്പ്' മനുഷ്യാവകാശ സംരക്ഷണത്തിനായി രൂപീകരിച്ചു. ആഗസ്റ്റ് 26–ാം തീയതി ശ്രീലങ്കയിൽ വച്ച് നടന്ന പ്രഥമസമ്മേളനം ശ്രീലങ്കയിലെ സീനിയർ അഭിഭാഷകയും, പ്രശസ്ത പത്രപ്രവർത്തകയുമായ ശ്രീമതി കിഷാലി പിന്റോ ജനറൽ കൺവീനറായുള്ള സമിതി രൂപീകരിച്ചു. ഇന്ത്യയിൽ നിന്ന് ജനനീതി ഡയറക്ടർ ബോർഡ് അംഗം ഡോ. ഫ്രാൻസിസ് സേവ്യർ ഈ സമിതിയിൽ അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. ഏഷ്യൻ ഹ്യൂമൻ റൈറ്റ്സ് എക്സി. ഡയറക്ടർ ശ്രീ. ബാസിൽ ഫെർണാണ്ടോ (ഹോങ്കോങ്ങ്) ജനസംസദയ എക്സി. ഡയറക്ടർ ശ്രീ ചിത്രാൾ പെരേര (ശ്രീലങ്ക), ഹ്യൂമൻ റൈറ്റ്സ് സെന്റർ (കാൻഡി) ഡയറക്ടർ ശ്രീ. നന്ദന മനതുംഗ, കാമഗാരു സേവന (ഏകല്യ) ഡയറക്ടർ ശ്രീ. റീഡ് ഷെൽട്ടൻ ഫെർണാണ്ടോ എന്നിവരാണ് മറ്റംഗങ്ങൾ. സൗത്ത് ഏഷ്യൻ രാജ്യങ്ങളിലെ മനുഷ്യാവകാശ ലംഘനങ്ങളും, പീഡനങ്ങളും വിലയിരുത്തുകയും, അന്താരാഷ്ട്ര ഇടപെടലുകൾ നടത്തുകയും, സുശക്തമായ ഡേറ്റാബേസ് നിർമ്മിക്കുകയുമാണ് സമിതിയുടെ പ്രഥമ ദൗത്യം. വിവിധ രാജ്യങ്ങളിലെ മനുഷ്യാവകാശ സംഘടനകളുടെ നെറ്റ്വർക്കിംഗ്, ഈ സമിതിയുടെ ചുമതലയിലായിരിക്കും. ■

Printed and published by : **Adv. Bijo Francis for *Niyama Samskara Kendram*, Jananeethi**, T.B.Road, Mission Quarters, Thrissur - 1. Tel :-487 2444473,Fax:-487- 2444474
E-mail : jananeethi@zyberway.com/gpneethi@sancharnet.in www.jananeethi.org/www.jananeethibulletin.org Printing : **St.Mary's Orphanage Offset Press**, Thrissur. Ph : 2446709